# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3370 19-06-2019 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ/സ്കോളർഷിപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകി വരുന്ന സേവനങ്ങൾ/ സ്കോളർഷിപ്പുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | 1) 10 / +2 / വി.എച്ച്.എസ്.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്ന (സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച ) വിദ്യാർത്ഥികൾക്ക് 10000/- രൂപ വീതം നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതി.<br>2) ഉറുദു ഒന്നാംഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി. ഹയർസെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് 1000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.<br>3) വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും ശരിയായ കരിയർ തെരഞ്ഞെടുക്കുന്നതിനുമായി ഹൈസ്കൂൾ , ഹയർസെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം നൽകുന്ന പദ്ധതി. |
| ബി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കോളേജ് വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകി വരുന്ന സേവനങ്ങൾ/ സ്കോളർഷിപ്പുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) | 1) ബിരുദത്തിന് 80% വും ബിരുദാനന്തരബിരുദത്തിന് 75% വും മാർക്ക് നേടിയ (സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച) വിദ്യാർത്ഥികൾക്ക് 15000/- രൂപ വീതം നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതി.<br>2) ബിരുദ/ബിരുദാനന്തര ബിരുദ/ പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന മുസ്ലീം വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകി വരുന്ന സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് പദ്ധതി. ഇതിൽ ആകെ എണ്ണത്തിന്റെ 20% ലത്തീൻ കത്തോലിക്കാ/ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലെ പെൺ കുട്ടികൾക്കും നൽകിവരുന്നു. ബിരുദത്തിന് 5000/- രൂപയും ബിരുദാനന്തരബിരുദത്തിന് 6000/-രൂപയും പ്രൊഫഷണൽ കോഴ്സുകൾക്ക് 7000/- രൂപയും ഹോസ്റ്റൽ സ്റ്റൈഫന്റ് 13000/- രൂപയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | 3) സർക്കാർ അംഗീകൃത പ്രൈവറ്റ് ഐടി ഐ കളിൽ ഒന്ന് /രണ്ട് വർഷത്തെ കോഴ്സുകൾക്ക് പഠിക്കുന്ന ബി.പി.എൽ വിഭാഗത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് യഥാക്രമം 10000/- രൂപ ,20000/-രൂപ വീതം കോഴ്സ് ഫീസ് റീ -ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി.<br>4) ചാർട്ടേഡ് അക്കൗണ്ടൻസി/കോസ്റ്റ് & വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15000/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.<br>5) സർക്കാർ/സർക്കാർ അംഗീകൃത പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6000/- രൂപ വീതം നൽകുന്ന ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി.<br>6) സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നഴ്സിങ് / പാരാമെഡിക്കൽ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15000/- രൂപ വീതം നൽകുന്ന മദർ തേരേസാ സ്കോളർഷിപ്പ് പദ്ധതി. |
| സി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശത്ത് പോയി പഠനം നടത്തുവാൻ ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | വിദേശത്തുപോയി പഠനം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് നിലവിൽ സഹായങ്ങൾ നൽകുന്നില്ല. |

**സെക്ഷൻ ഓഫീസർ**